LIBRARY ARCHIVES Kerala Legislative Assembly

സഹായംതേടുന്നു. അതോടൊപ്പം കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസുകളും വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം നടത്തുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ലക്ഷ്യമാക്കി 'Our Responsibility to Children' എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നു. ഇതിനെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കേന്ദ്രീകൃത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ് അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച് ബോധവൽക്കരണ ക്ലാസും നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസുകളും കുട്ടികൾക്ക് നൽകുന്നതാണെന്ന കാര്യംകൂടി അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

(10) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏറ്റവും ഗൗരവതരമായ ജനകീയ വിഷയമാണ് ആരോഗ്യരംഗത്തെ പിന്നാക്കാവസ്ഥ. ഭൂവിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ നിയോജക മണ്ഡലമാണ് പൂഞ്ഞാർ. പക്ഷേ, പൂഞ്ഞാറിൽ സാമൂഹ്യാരോഗ്യ കേന്ദ്രത്തിനുമുകളിലുള്ള ഒരു ആശുപത്രിയും പൊതു ആരോഗ്യരംഗത്തില്ല. സ്വകാര്യ ആരോഗ്യരംഗത്തും സൗകര്യങ്ങളുള്ള ആശുപത്രികളില്ല. നാല്പതിനായിരം ജനസംഖ്യയുള്ളതും ഏഷ്യയിലെതന്നെ ഏറ്റവുമധികം density of population ഉള്ളതുമായ മുനിസിപ്പാലിറ്റിയാണ് ഈരാറ്റുപേട്ട. ഏഴര ചതുരശ്ര കിലോമീറ്ററിനുള്ളിൽ നാല്പതിനായിരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിലായുള്ള രണ്ടരലക്ഷം ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾക്ക് കോട്ടയത്തോ പാലായിലോ പോകേണ്ട സ്ഥിതിയാണ്. മീനച്ചിൽ താലൂക്കാശുപത്രി മുപ്പത് കിലോമീറ്റർ അകലെ കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. ഈരാറ്റുപേട്ടയിലെ കുടുംബാരോഗ്യകേന്ദ്രം 1957-ൽ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചതാണ്. ഗവൺമെന്റ് ഡിസ്പെൻസറിയായി ആരംഭിച്ച് 1990-ൽ പി.എച്ച്.സി. ആയി ഉയർത്തുകയും 2018-ൽ എഫ്.എച്ച്.സി. ആക്കുകയും ചെയ്ത ഇവിടെ അത്യാവശ്യം സ്ഥലസൗകര്യവും കെട്ടിടസൗകര്യവും മികച്ച ലാബ് സൗകര്യവുമുണ്ട്. ഏകദേശം മൂന്നൂറിലധികം രോഗികൾ പ്രതിദിനം അവിടെ ചികിത്സതേടി ഒ.പി.-യിലെത്തുന്നു. 30 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും അവിടെയുണ്ട്. അതിനാൽ അതൊരു താലൂക്കാശുപത്രിയുടെ പദവിയിലേയ്ക്ക് സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണമെന്ന ജനകീയാവശ്യവുമായി പ്രദേശവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് മുന്നോട്ടുവന്നിരിക്കുകയാണ്. ഈ ആരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാന മൈനോറിറ്റി കമ്മീഷൻ ഒ.പി. 143/2017 പ്രകാരം 1-1-2019-ൽ ഇത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2073/2020 എന്ന റിട്ട് ഒ.പി. പ്രകാരവും ആ നിർദ്ദേശം സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആരോഗ്യമേഖലയിൽ സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യം പരിഗണിച്ച് ഈരാറ്റുപേട്ടയിലെ നിലവിലെ കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തി ആ പ്രദേശത്തെ ആരോഗ്യ പിന്നാക്കാവസ്ഥ പരിഹരിക്കുകയും രണ്ടര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏറ്റവും വലിയ ജനകീയാവശ്യം നിറവേറ്റിത്തരികയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോട്ടയം ജില്ലയുടെ മലയോരമേഖലയായ ഈരാറ്റുപേട്ടയിൽ 1957-ലാണ് ഗവൺമെന്റ് ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനം 1990-ൽ 12 കിടക്കകളോടുകൂടിയ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയുണ്ടായി. ആശുപത്രിക്ക് ഒരേക്കർ എഴുപത്തിയഞ്ച് സെന്റ് സ്ഥലമാണുള്ളത്. മുന്നൂറോളം രോഗികൾ ഒ.പി.-യിലും മുപ്പതോളംപേർ കിടത്തിചികിത്സാ വിഭാഗത്തിലും പ്രതിദിനം ചികിത്സതേടി വരുന്നുണ്ട്. നല്ലൊരു ലാബ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനെത്തുടർന്ന് ഓഫീസ് സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നിങ്ങനെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ അസിസ്റ്റന്റ് സർജൻ-4, ഫാർമസിസ്റ്റ്-2, സ്റ്റാഫ് നഴ്സ്-3 തുടങ്ങി 28

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് ഈ എഫ്.എച്ച്.സി.-യിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടർ, എൽ.എസ്.ജി.ഡി. മുഖേന 5 സ്റ്റാഫ് നഴ്സുൾപ്പെടെ 9 ജീവനക്കാർ, എച്ച്.എം.സി. മുഖാന്തരം 5 ജീവനക്കാർ എന്നിങ്ങനെ മൊത്തം 15 താൽക്കാലിക ജീവനക്കാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിലെ കോവിഡ് രോഗികളുടെ പരിപാലനം, ചികിത്സ എന്നിവ നടന്നുവരുന്നത് ഈരാറ്റുപേട്ട എഫ്.എച്ച്.സി.-യുടെ നേതൃത്വത്തിലാണ്. ഈ ആരോഗ്യകേന്ദ്രത്തിനുകീഴിൽ ഒരു സി.എഫ്.എൽ.ടി.സി.-യും ഒരു ഡി.സി.സി.-യും ഈരാറ്റുപേട്ട പട്ടണത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇതുകൂടാതെ കോവിഡ്-19 ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു ആശുപത്രിയെ തെരഞ്ഞെടുത്ത് പത്ത് കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് ക്രമീകരിക്കുകയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തത് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രമാണ്. ജനസാന്ദ്രത കൂടുതലുള്ള പ്രദേശമെന്ന നിലയിലും ഐസൊലേഷൻ വാർഡ് ക്രമീകരിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമുള്ളതിനാലുമാണ് ഈ സ്ഥാപനത്തിന് മുൻഗണന നൽകിയത്. ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് മീനച്ചിൽ താലൂക്കിലാണ്. ഇതേ താലൂക്കിൽ ഈ ആശുപത്രിയിൽനിന്ന് പന്ത്രണ്ട് കിലോമീറ്റർ അകലെ പാലാ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കുറവിലങ്ങാട് താലൂക്കാശുപത്രിയും ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയും മീനച്ചിൽ താലൂക്കിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നത്. ഒരു ജില്ലയിൽ ഒരു ജില്ലാ ജനറൽ ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എല്ലാവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നയം. നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലമുൾപ്പെടുന്ന മീനച്ചിൽ താലൂക്കിൽ അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. കോട്ടയം ജില്ലയിലെ മലയോര പ്രദേശമായ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും ഈ ആശുപത്രിയിൽ മികച്ച ചികിത്സാ സൗകര്യമൊരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.